# തണൽ
# പലിശക്കെതിരെ കൂട്ടായ്മ

ഷബീബ് മലപ്പുറം

വർത്തമാനകാല സമൂഹത്തെ ആഴത്തിൽ ഗ്രസിച്ചിരിക്കുന്ന 'പലിശ' എന്ന വിപത്തിനെതിരെ 'തണൽ' നടത്തുന്ന പോരാട്ടങ്ങൾ ശ്രദ്ധേയമാകുന്നു. മലപ്പുറം ജില്ലയിലെ തിരൂരിനടുത്തുള്ള കല്പകഞ്ചേരിയിലേയും പരിസരങ്ങളിലേയും അശരണരും ആലംബഹീനരുമായവർക്ക് അത്താണിയായ 'തണൽ' പലിശരഹിതബാങ്ക് അതിന്റെ വിജയകരമായ രണ്ടു വർഷങ്ങൾ പിന്നിട്ടുകഴിഞ്ഞു. കൊള്ളപ്പലിശക്കാരുടെ നീരാളിപ്പിടുത്തത്തിൽ നിന്ന് ഇത്തരക്കാരെ രക്ഷിക്കാനാണ് 'ആനപ്പടിക്കൽ ചാരിറ്റബിൾ ട്രസ്റ്റ്' എന്ന സംഘടന 'തണലി'നു രൂപം നൽകിയിട്ടുള്ളത്.

കല്പകഞ്ചേരി, വളവന്നൂർ പഞ്ചായത്തുകളാണ് തണലിന്റെ പ്രവർത്തനമേഖല. ഈ പ്രദേശങ്ങളിലെ, സാമ്പത്തിക ബുദ്ധിമുട്ടുകളാൽചികിത്സ ലഭിക്കാതെ കഷ്ടപ്പെടുന്നവർ, തങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസം നൽകുന്നതിന് സാമ്പത്തികശേഷി ഇല്ലാത്തവർ, കൃഷി, കച്ചവടം എന്നിവയിൽ നഷ്ടം വന്നവർ, വാഹനവായ്പ തിരിച്ചടക്കാൻ പറ്റാത്തവർ തുടങ്ങിയവർക്കൊക്കെ 'തണൽ'തണലായി മാറി. നാല് മാസം കൊണ്ട് തിരിച്ചടക്കണമെന്ന വ്യവസ്ഥയിൽ സ്വർണം സെക്യൂരിറ്റിയായി സ്വീകരിച്ചാണ് വായ്പ നൽകുന്നത്. പതിനഞ്ച് ലക്ഷം രൂപയാണ് വായ്പ നൽകാൻ വേണ്ടി ട്രസ്റ്റ് തണലിന്റെ മൂലധനമായി മുടക്കിയിട്ടുള്ളത്. വായ്പ ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങളും വളരെ ലളിതമാണ്.

ഉപദേശകസമിതി അംഗങ്ങൾ ഗുണഭോക്താവ് പണം യഥാർത്ഥ ആവശ്യത്തിനാണോ വിനിയോഗിക്കുന്നത് എന്ന് നിരീക്ഷിക്കുകയും വായ്പ യഥാസമയം തിരിച്ചടക്കാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

കാലാവധി കഴിഞ്ഞിട്ടും വായ്പ തിരിച്ചടക്കാതിരിക്കുകയാണെങ്കിൽ പണയമുതൽ പൊതുമാർക്കറ്റിൽ വിറ്റ് വായ്പസംഖ്യ മാത്രം ഈടാക്കി ബാക്കി വരുന്ന തുക ഗുണഭോക്താവിന് തന്നെ തിരിച്ചുനൽകണമെന്നാണ് ചട്ടം. പക്ഷെ ഇതേവരെ ആരുടേയും പണയമുതൽ വിൽക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.

കല്പകഞ്ചേരി, വളവന്നൂർ പ്രദേശങ്ങളിൽ സജീവമായിരുന്ന കൊള്ളപ്പലിശക്കാരിൽ നിന്ന് തദ്ദേശീയരെ മോചിപ്പിക്കാൻ തണലിനായിട്ടുണ്ട് എന്ന് ഗുണഭോക്താവ് നടയാരിപ്പറമ്പിലെ അബ്ദുൽകരീം സാക്ഷ്യപ്പെടുത്തുന്നു. കടം കൊണ്ട് വലഞ്ഞവർക്ക് എന്നും ആശ്രയമായിരുന്ന തന്റെ പിതാവിന്റെ പ്രവർത്തനങ്ങളാണ് ഇത്തരമൊരു സംരംഭത്തിനു തുടക്കം കുറിക്കാൻ പ്രചോദനമായതെന്നു ട്രസ്റ്റ് ചെയർമാൻ അബ്ദുൾ സമദ് പറയുന്നു.

തണലിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് വിവിധഭാഗങ്ങളിൽ ഇത്തരം നിരവധി സംരംഭങ്ങൾക്ക് തുടക്കം കുറിക്കപ്പെട്ടിട്ടുണ്ട്.